## കോവിഡ് 19 കാലത്തെ മധുരം

## കുട്ടമ്പുഴയിൽ തേനീച്ച വളർത്തൽ കർഷകർക്ക്  മധുരിക്കുന്ന വിജയം

ലോക്ക് ഡൗൺ കാലത്ത് അധ്വാനത്തിനു തേൻമധുരം കിട്ടിയ വിജയം ആഘോഷിക്കുകയാണ് എറണാകുളം ജില്ലയിലെ കുടുംബശ്രീ വനിതാ കർഷകർ. പട്ടികവർഗവിഭാഗക്കാർ ഏറ്റവും കൂടുതൽ വസിക്കുന്ന കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലാണ്  കുടുംബശ്രീ വനിതകളാണ് തേനീച്ച വളർത്തൽ കൃഷി ചെയ്ത് കോവിഡ് കാലത്ത് വിജയകരമായ തേനെടുപ്പു നടത്തിയത്.

ഈ മേഖലയിൽ കൃഷി ചെയ്യാൻ താൽപ്പര്യമുള്ള വനിതകളെ കണ്ടെത്തി അവർക്ക് സ്വന്തമായി ഒരു തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനും അതോടൊപ്പം മായം കലരാത്ത തേൻ ഉൽപാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുമാണ്  കുടുംബശ്രീ ജില്ലാ മിഷൻ ലക്ഷ്യമിട്ടത്.  പട്ടിക വർഗ മേഖലയിലെ വനിതകൾക്കായി  കുടുംബശ്രീ മുഖേന ജില്ലയിൽ  നടപ്പാക്കാൻ ലക്ഷ്യമിട്ട  പദ്ധതിയിൽ യു.എൻ.ഡി.പിയും ഹരിത കേരളം മിഷനും കൈകോർത്തതോടെ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമായി. കുടുംബശ്രീയുടെ നേതൃത്വത്തിൽ തേനീച്ച വളർത്തലിൽ താൽപ്പര്യമുള്ള 40 വനിതകളെ തിരഞ്ഞെടുത്ത് പദ്ധതി ഗുണഭോക്താക്കളാക്കി.  യു.എൻ.ഡി.പി, ഹരിതകേരളം മിഷൻ എന്നിവ സംയുക്തമായി  ആറു ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട്  40 വനിതകൾക്കും പരിശീലനവും കൂടാതെ തേനീച്ച വളർത്തലിനാവശ്യമായ  സ്റ്റാൻഡ്,  തേനീച്ചയെ വളർത്തുന്ന പെട്ടി, ഹണി എക്സ്ട്രാക്ടർ, സ്മോക്കർ, നൈഫ്, ഫേസ് മാസ്ക്ക് എന്നിവയും  ലഭ്യമാക്കി. ആകെ 160 പെട്ടികളാണ് നൽകിയത്.  തേനീച്ച ഉൾപ്പെടെയാണ് കൃഷിക്കാവശ്യമായ എല്ലാ  അനുബന്ധ ഉപകരണങ്ങളും ഇവർക്ക് ലഭ്യമാക്കിയത്. ശാസ്ത്രീയമായ തേനീച്ച വളർത്തലിലും തേൻ ഉൽപാദനത്തിലും മൂന്നു

ഘട്ടങ്ങളിലായാണ് ഇവർക്ക് മികച്ച പരിശീലനവും നൽകി. 40 പേരും തങ്ങളുടെ സ്വന്തം സ്ഥലത്തു തന്നെയാണ് കൃഷി ചെയ്യുന്നത്.

തേനീച്ച വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് തങ്ങൾ ഉൽപാദിപ്പിക്കുന്ന തേൻ വിറ്റഴിക്കുന്നതിന്ആ വശ്യമായ പിന്തുണകൾ ഉറപ്പാക്കുന്നതിന് പട്ടികവർഗ മേഖലയിൽ നിന്നുള്ള അനിമേറ്റർമാരായ സുകുമാരി, ശോഭന, സിന്ധു, അനിമേറ്റർ കോഓർഡിനേറ്റർ ശ്യാമ എന്നിവരെയും ഉൾപ്പെടുത്തി ഒരു മാർക്കറ്റിങ്ങ് ടീമും രൂപീകരിച്ചു. കൃഷിയുമായി ബന്ധപ്പെട്ട് കർഷകർക്കുള്ള വിവിധ പിന്തുണകളും സഹായങ്ങളും എത്തിച്ചു നൽകിയത് അനിമേറ്റർമാർ വഴിയാണ്. തേൻ ശേഖരിക്കാറായത് ആദ്യഘട്ടത്തിൽ തന്നെ 250കിലോയിലേറെ തേൻ ശേഖരിക്കാൻ കഴിഞ്ഞു. അടുത്ത ഘട്ട തേനെടുപ്പ് ഒക്ടോബറിൽ ആരംഭിക്കും. അപ്പോഴും മികച്ച അളവിൽ തേൻ ശേഖരിക്കാൻ സാധിക്കുമെന്നാണ് കർഷകരുടെ പ്രതീക്ഷ. ആദ്യ ഘട്ട തേനെടുപ്പ് ലോക്ക് ഡൗൺ കാലത്താണെങ്കിലും ഉൽപന്നം അതിന്റെ തനിമയും ഗുണമേൻമയും ഉറപ്പു വരുത്തി സംഭരിക്കുന്നതിനും പൂർണമായും വിറ്റഴിച്ചു കൊണ്ട് കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനു സഹായിച്ചത് അനിമേറ്റർമാർ ഉൾപ്പെട്ട മാർക്കറ്റിങ്ങ് ടീമാണ്.

ഗുണമേൻമയുള്ള തേൻ ആയതു കൊണ്ടു തന്നെ പ്രാദേശികമായി ഇവരുടെ ഉൽപന്നത്തിന് ഏറെ ആവശ്യക്കാരുണ്ടായത് വിപണനത്തെ ഏറെ സഹായിച്ചു കൂടാതെ ജില്ലയിൽ കോലഞ്ചേരിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ബസാറിലേക്കും കുട്ടമ്പുഴയിലെ വനിതാ തേൻ കർഷകർ ഉൽപാദിപ്പിച്ച നൂറു കിലോ തേൻ വിപണനത്തിനായി എത്തിച്ചിരുന്നു. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ മുഴുവൻ

തേനും പൂർണമായി വിറ്റഴിഞ്ഞു പോയതിൽ ജില്ലാ മിഷൻ അധികൃതർക്കും കർഷകർക്കും ഏറെ സന്തോഷമാണ്.

ലോക്ക് ഡൗൺ കാലത്ത് മാന്യമായ വരുമാനം നേടാൻ ഒരു തൊഴിലിണക്കി തന്നതിൽ കുടുംബശ്രീ, ഹരിത കേരളം, യു.എൻ.ഡി.പി എന്നിവയോടെല്ലാം നന്ദി പറയുകയാണ് ഈ തേനീച്ച വളർത്തൽ മേഖലയിലെ വനിതാ കൂട്ടായ്മ. അടുത്ത ഓരോ ഘട്ടങ്ങളിലായി കൂടിന്റെ എണ്ണം കൂട്ടി തേനീച്ച വളർത്തൽ കൃഷി വിപുലമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.